## 2012-13 ബഡ്ജറ്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ

33 (1855) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 സംസ്ഥാന ബഡ്ജറ്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന് കീഴിൽ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓരോ സ്ഥാപനത്തിനും പദ്ധതികൾക്കും എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ 2012-13 വർഷത്തിൽ തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്ഥാപനങ്ങളോ പദ്ധതികളോ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇതുവരെയും പൂർത്തിയാക്കാൻ കഴിയാത്ത സ്ഥാപനങ്ങളോ പദ്ധതികളോ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) <u>ശാസ്ത്ര സാങ്കേതിക വകുപ്പ്</u> : (തുക ലക്ഷത്തിൽ)

| പദ്ധതി | വകയിരുത്തിയ വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| പ്രാദേശിക ശാസ്ത്ര കേന്ദ്രം, കോട്ടയം | 725.01 | 725.01 | Nil |
| മൂന്നാറിലെ പാർവ്വതി മലയിൽ ബൊട്ടാണിക്കൽ ഗാർഡൻ | 0.010 | Nil | Nil |
| കേരള ഇന്നൊവേഷൻ മിഷൻ | 0.01 | Nil | Nil |

<u>പരിസ്ഥിതി വകുപ്പ്</u> :

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| പശ്ചിമഘട്ട കാലാവസ്ഥ വ്യതിയാന ഗവേഷണ സ്ഥാപനം, കോട്ടയം | 0.01 | Nil | Nil |

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. മൂന്നാറിലെ പാർവ്വതി മലയിൽ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഇന്നൊവേഷൻ മിഷൻ, പശ്ചിമഘട്ട കാലാവസ്ഥാ വ്യതിയാന ഗവേഷണ സ്ഥാപനം, കോട്ടയം എന്നിവ 2012-13 വർഷത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങളാണ്.

(സി) പദ്ധതികളെല്ലാം നടപ്പിലാക്കി വരികയാണ്.

## എൻ.സി.എ. ഒഴിവുകൾ

34 (1857) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി മൂന്ന് തവണ വിജ്ഞാപനം ചെയ്തിട്ടും എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിൽ മെയിൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ പി.എസ്.സി.യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും ആയതിന് എന്തു മറുപടിയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാര്യത്തിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### <u>ഉത്തരം</u>

(എ) KS&SSR-ലെ ഭാഗം II ചട്ടം 15(a) പ്രകാരം ഒരു തസ്തികയിലെ നിയമനത്തിനായി ഒരു സമുദായത്തിൽനിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാതെ വന്നാൽ ആ ഒഴിവ് നികത്താതെ മാറ്റി വയ്ക്കേണ്ടതും ആ സമുദായത്തിന് മാത്രമായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്. രണ്ടിൽ കുറയാത്ത തവണ പുനർ വിജ്ഞാപനം ചെയ്തിട്ടും ടി സമുദായത്തിൽനിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒഴിവ് തൊട്ടടുത്ത സംവരണ വിഭാഗത്തിന് നൽകേണ്ടതാണ്. എന്നാൽ SC/ST വിഭാഗങ്ങളുടെ ഊഴം ആവർത്തിച്ചുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകാവുന്നതല്ല.

(ബി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണത പരിഹരിക്കുന്ന കാര്യത്തിൽ KS&SSR-ൽ ഭേദഗതി വരുത്തണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം തയ്യാറാക്കി അതിന്മേൽ പി.എസ്.സി.യുടെ ഉപദേശം തേടിയിരുന്നു. എൻ.സി.എ. വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ആറ് മാസമാക്കണമെന്നും, വിജ്ഞാപനങ്ങൾ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly